ടി.കെ ഉബൈദ്



സൂറ - 48

# അൽ ഫത്ഹ്

## الفتح

**സൂക്തം 25-26**

ബഹുദൈവവിശ്വാസത്തിലും പിതൃഭക്തിയിലുമുള്ള ജാഹിലി ദുരഭിമാനം വിജൃംഭിച്ച് മുശ്‌രിക്കുകൾ വിശ്വാസികളുടെ മക്കാ പ്രവേശനം ബലാൽക്കാരം തടഞ്ഞപ്പോൾ, അവർക്കെതിരെ വിശ്വാസികളെ രോഷാകുലരും അക്രമാസക്തരുമാക്കാതെ പ്രവാചകന്റെയും വിശ്വാസികളുടെയും മനസ്സുകളിൽ അല്ലാഹു സമാധാന വാഞ്ഛയും സംയമനവും ചൊരിഞ്ഞുകൊടുക്കുകയായിരുന്നു.

هُمُ ٱلَّذِينَ كَفَرُوا۟ وَصَدُّوكُمْ عَنِ ٱلْمَسْجِدِ ٱلْحَرَامِ وَٱلْهَدْىَ مَعْكُوفًا أَن يَبْلُغَ مَحِلَّهُۥ ۚ وَلَوْلَا
رِجَالٌ مُّؤْمِنُونَ وَنِسَآءٌ مُّؤْمِنَٰتٌ لَّمْ تَعْلَمُوهُمْ أَن تَطَـُٔوهُمْ فَتُصِيبَكُم مِّنْهُم مَّعَرَّةٌۢ بِغَيْرِ عِلْمٍ ۖ
لِّيُدْخِلَ ٱللَّهُ فِى رَحْمَتِهِۦ مَن يَشَآءُ ۚ لَوْ تَزَيَّلُوا۟ لَعَذَّبْنَا ٱلَّذِينَ كَفَرُوا۟ مِنْهُمْ عَذَابًا أَلِيمًا ﴿٢٥﴾

*25*

*സത്യധർമങ്ങൾ നിഷേധിച്ചതും നിങ്ങൾ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുന്നത് തടഞ്ഞതും ബലിമൃഗങ്ങൾ ബലിസ്ഥലങ്ങളിലെത്തുന്നത് വിലക്കിയതും അവർ തന്നെയാകുന്നു. മക്കയിൽ നിങ്ങൾക്കറിഞ്ഞുകൂടാത്ത കുറേ സത്യവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ഇല്ലായിരുന്നുവെങ്കിൽ, നിങ്ങൾ അറിയാതെ അവരെ ചവിട്ടി ഞെരിക്കാനും തന്മൂലം നിങ്ങളെ അപകീർത്തി ബാധിക്കാനും ഇടയാകുമായിരുന്നില്ലെങ്കിൽ നിങ്ങൾ അവരോടേറ്റുമുട്ടുന്നത് വിലക്കുമായിരുന്നില്ല. അല്ലാഹു അവനിഛിക്കുന്നവർക്ക് തന്റെ കാരുണ്യത്തണലിൽ പ്രവേശനമരുളുന്നതിനു വേണ്ടിയത്രെ ഇത്. ആ സത്യവിശ്വാസികൾ വേർതിരിഞ്ഞിരുന്നുവെങ്കിൽ മക്കയിലെ സത്യനിഷേധികളെ നാം കൊടൂരമായി ശിക്ഷിക്കുക തന്നെ ചെയ്യുമായിരുന്നു.*

| | |
|---|---|
| അവർ (തന്നെയാകുന്നു) | هُمُ |
| (സത്യധർമങ്ങൾ) നിഷേധിച്ച(തും)വർ | الَّذِينَ كَفَرُوا |
| നിങ്ങ(ൾ)ളെ മസ്ജിദുൽ ഹറാമിൽ (പ്രവേശിക്കുന്നത്) നിന്ന് തടഞ്ഞ(തും)വരും | وَصَدُّوكُمْ عَنِ الْمَسْجِدِ الْحَرَامِ |
| ബലിമൃഗങ്ങളെയും | وَالْهَدْيَ |

| | |
|---|---|
| അതിന്റെ ബലിസ്ഥലത്ത് എത്തുന്നത് (തടഞ്ഞതും) ബന്ധിക്കപ്പെട്ട നിലയിൽ | مَعْكُوفًا أَن يَبْلُغَ مَحِلَّهُۥ |
| (മക്കയിൽ) വിശ്വാസികളായ പുരുഷന്മാർ ഇല്ലായിരുന്നുവെങ്കിൽ | وَلَوْلَا رِجَالٌ مُّؤْمِنُونَ |
| വിശ്വാസിനികളായ സ്ത്രീകളും ഇല്ലായിരുന്നുവെങ്കിൽ | وَنِسَاءٌ مُّؤْمِنَاتٌ |
| നിങ്ങൾ അവരെ അറിഞ്ഞിട്ടില്ലാത്ത(ശ്ക്ക് അറിഞ്ഞുകൂടാത്ത) | لَّمْ تَعْلَمُوهُمْ |
| നിങ്ങൾ അവരെ ചവിട്ടി ഞെരിക്ക(ാനും)ുന്നതും | أَن تَطَـُٔوهُمْ |
| തന്മൂലം അവരാൽ നിങ്ങളെ അപകീർത്തി ബാധിക്കുന്നതും (ക്കാനും ഇടയാകുമായിരുന്നില്ലെങ്കിൽ നിങ്ങൾ അവരോടേറ്റുമുട്ടുന്നത് വിലക്കുമായിരുന്നില്ല) | فَتُصِيبَكُم مِّنْهُم مَّعَرَّةٌۢ |
| അറിയാതെ | بِغَيْرِ عِلْمٍ |
| അല്ലാഹു പ്രവേശനമരുളുന്നതിനു വേണ്ടിയത്രെ ഇത് | لِّيُدْخِلَ اللَّهُ |
| അവന്റെ കാരുണ്യത്തി(ത്തണലി)ൽ | فِي رَحْمَتِهِۦ |
| അവനിഛിക്കുന്നവർക്ക് | مَن يَشَاءُ |
| അവർ വേർതിരിഞ്ഞിരുന്നുവെങ്കിൽ | لَوْ تَزَيَّلُوا |
| അവരിൽനിന്നുള്ള(മക്കയിലെ) സത്യനിഷേധികളെ നാം വേദനയേറിയ ശിക്ഷ(കൊടൂരമായി) ശിക്ഷിക്കുക തന്നെ ചെയ്യുമായിരുന്നു | لَعَذَّبْنَا الَّذِينَ كَفَرُوا مِنْهُمْ عَذَابًا أَلِيمًا |

**മക്കയിൽ കുറേ സത്യവിശ്വാസികളും വിശ്വാസിനികളുമുണ്ട്. മദീനയിലേക്ക് പലായനം ചെയ്യാൻ പോലും കഴിവില്ലാത്തവരും, പലായനം ചെയ്യുന്നത് ഖുറൈശികളാൽ ബലാൽക്കാരം തടയപ്പെട്ടവരുമാണ് അവരിലധികവും. ഇസ് ലാം സ്വീകരിച്ച കാര്യം രഹസ്യമാക്കി വെച്ചവരാണ് ചിലർ.**

യുദ്ധത്തോടുള്ള അല്ലാഹുവിന്റെ -ഇസ്ലാമിന്റെ മൗലികമായ നിലപാട് സൂചിപ്പിച്ച ശേഷം ഹുദൈബിയാ സംഭവത്തിൽ മുസ്ലിംകളെയും മുശ്‌രിക്കുകളെയും യുദ്ധത്തിൽനിന്ന് അകറ്റി നിർത്തിയതിന് പ്രത്യേകമായ കാരണമുണ്ടെന്നും അതെന്താണെന്നും വ്യക്തമാക്കുകയാണ്. മക്കാ മുശ്‌രിക്കുകൾ സത്യധർമങ്ങൾ നിഷേധിച്ചവരാണ്; നിങ്ങൾ, മുസ്‌ലിംകൾ മക്കയിൽ കടക്കുന്നതും ഹറമിൽ വന്ന് കഅ്ബ ത്വവാഫ് ചെയ്യുന്നതും മറ്റ് ആരാധനകൾ നിർവഹിക്കുന്നതും വിലക്കിയത് അവർ തന്നെയാണ്. ബലിമൃഗങ്ങളെ ബലിസ്ഥലത്തെത്തിക്കുന്നതും തടഞ്ഞു. ഇതൊക്കെ അവർക്കെതിരെ മുസ്‌ലിംകൾ യുദ്ധം ചെയ്യാൻ മതിയായ കാരണങ്ങളാണ്. പക്ഷേ, മക്കയിൽ കുറേ സത്യവിശ്വാസികളും വിശ്വാസിനികളുമുണ്ട്. മദീനയിലേക്ക് പലായനം ചെയ്യാൻ പോലും കഴിവില്ലാത്തവരും, പലായനം ചെയ്യുന്നത് ഖുറൈശികളാൽ ബലാൽക്കാരം തടയപ്പെട്ടവരുമാണ് അവരിലധികവും. ഇസ്‌ലാം സ്വീകരിച്ച കാര്യം രഹസ്യമാക്കി വെച്ചവരാണ് ചിലർ. അക്കൂട്ടത്തിൽ ചിലരുടെ പേര് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഉദാ: വലീദുബ്നുൽ മുഗീറ, സലമതുബ്നു ഹിശാം, അയ്യാശുബ്നു അബീ റബീഅ, അബൂ ജൻദൽ, അബൂ ബസ്വീർ, അബ്ബാസി(റ)ന്റെ ഭാര്യ ഉമ്മുൽ ഫദ്‌ൽ, ഉമ്മു കുൽസൂം, ഉഖ്ബതുബ്നു അബീ മുഐത്വ്. അവരെ നിങ്ങൾ അറിയുന്നില്ല. മക്കയിൽ കടന്ന് യുദ്ധം ചെയ്യുന്നവർ അവിടത്തെ മുസ്‌ലിംകളെയും ആക്രമിക്കാനും അതു മുസ്‌ലിം പക്ഷത്തിന് വലിയ നഷ്ടം സൃഷ്ടിക്കാനും ഇടയുണ്ട്. ഈ അപകടമില്ലായിരുന്നുവെങ്കിൽ ബലം പ്രയോഗിച്ച് മക്കയിൽ പ്രവേശിക്കാൻ നിങ്ങളെ അനുവദിക്കുമായിരുന്നു. അല്ലാഹു അവനിഛിക്കുന്നവരെ തന്റെ കാരുണ്യം അനുഭവിപ്പിക്കുന്നതിനുവേണ്ടി കൂടിയാണത്. ഈ പാവപ്പെട്ട വിശ്വാസികളും വിശ്വാസിനികളും മുശ്‌രിക്കുകളിൽനിന്ന് വേർതിരിഞ്ഞു കാണപ്പെട്ടിരുന്നുവെങ്കിൽ നിങ്ങളിലൂടെ അല്ലാഹു അവരെ കഠിനമായി ശിക്ഷിക്കുമായിരുന്നു.

هدية (സമ്മാനം) യിൽനിന്ന് ഉത്ഭവിച്ചതാണ് هَدْي. മക്കയിൽ ബലിനൽകാൻ കൊണ്ടുപോകുന്ന ഉരുവിനെയാണ് ഈ പദംകൊണ്ട് വിവക്ഷിക്കുന്നത്. ബലിമാംസം ആളുകൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നതുകൊണ്ടാണ്

ബലിമൃഗം هَدْي ആയത്. ഒരിടത്ത് ചടഞ്ഞിരിക്കുകയാണ് **عكوف**. ബന്ധിക്കുക, തടയുക, വ്യാപൃതനാവുക എന്നീ പ്രയോഗാർഥങ്ങളുമുണ്ട്. മസ്ജിദിൽ ഭജനമിരിക്കുന്നതിന് **إعتكاف** എന്നു പറയും. **عكوف**-ൽ നിന്നുള്ള കർമവാചിയാണ് **مَعْكُوف** -തടയപ്പെട്ടത്- എന്നർഥം. സ്ഥലവും ലൊക്കേഷനുമാണ് **مَحَل**. അതിന്റെ ഭേദരൂപമാണ് **مَحِلّ**- കർത്തവ്യ നിർവഹണത്തിനുള്ള സ്ഥലം. സാങ്കേതികമായി, ബലിമൃഗങ്ങളെ ബലി കഴിക്കാൻ നിശ്ചയിക്കപ്പെട്ട സ്ഥലമാണ് **مَحِلّ**. ചവിട്ടി നശിപ്പിച്ചു എന്നർഥമുള്ള **وَطِئَ**-യുടെ വർത്തമാന രൂപമാണ് **تَطَأُ**. പടയോട്ടത്തിനിടയിൽ അറിയാതെ മുസ് ലിംകൾ മക്കയിലെ വിശ്വാസികളെയും ഹിംസിക്കാനിടയാകുമെന്നാണ് **لَّمْ تَعْلَمُوهُمْ أَن تَطَئُوهُمْ** എന്ന വാക്യത്തിന്റെ താൽപര്യം. അങ്ങനെ സംഭവിച്ചാൽ അത്തരം വിശ്വാസികളിലൂടെ അവരറിയാതെ നിങ്ങൾക്ക് വലിയ അപകീർത്തിയും മാനഹാനിയും ഉണ്ടാകും.

ഇത് രണ്ടു തരത്തിലാണ്: 1) നിങ്ങൾ അവരുടെ നേരെ ആയുധമുയർത്തിയാൽ അവർ നിങ്ങൾക്കു നേരെയും ആയുധമുയർത്തേണ്ടിവരും. വിശ്വാസികളാൽ തന്നെ വിശ്വാസികൾ കൊല്ലപ്പെടുകയായിരിക്കും അതിന്റെ ഫലം. 2) മക്കയിലെ സത്യവിശ്വാസികളെ മദീനയിൽനിന്നെത്തിയ മുസ് ലിംകൾ തിരിച്ചറിയുന്നില്ലെങ്കിലും മക്കാ മുശ് രിക്കുകൾക്ക് അവരെ അറിയാം. അവരിലാരെങ്കിലും മുസ് ലിംകളാൽ ഹിംസിക്കപ്പെട്ടാൽ മക്കാ മുശ് രിക്കുകൾ പറഞ്ഞുപരത്തും: മുഹമ്മദും സഖാക്കളും അവരുടെ അനുയായികളെത്തന്നെ കൊന്നൊടുക്കുകയാണ്. ഈ പ്രചാരണം പ്രവാചകന്റെയും അനുയായികളുടെയും പ്രതിഛായ നശിപ്പിച്ചുകളയും. ജനങ്ങളിൽ അവരോടുള്ള മതിപ്പും ആദരവും നഷ്ടപ്പെടും. ഇക്കൂട്ടർ സ്വജനത്തെപ്പോലും കൊന്നുതള്ളാൻ മടിയില്ലാത്ത രക്തദാഹികളാണ് എന്ന തെറ്റുധാരണ സൃഷ്ടിക്കപ്പെടും. ●

**ഈ അപകടമില്ലായിരുന്നുവെങ്കിൽ ബലം പ്രയോഗിച്ച് മക്കയിൽ പ്രവേശിക്കാൻ നിങ്ങളെ അനുവദിക്കുമായിരുന്നു. അല്ലാഹു അവനിഛിക്കുന്നവരെ തന്റെ കാരുണ്യം അനുഭവിപ്പിക്കുന്നതിനുവേണ്ടി കൂടിയാണത്.**

إِذْ جَعَلَ ٱلَّذِينَ كَفَرُوا۟ فِى قُلُوبِهِمُ ٱلْحَمِيَّةَ حَمِيَّةَ ٱلْجَٰهِلِيَّةِ فَأَنزَلَ ٱللَّهُ سَكِينَتَهُۥ عَلَىٰ
رَسُولِهِۦ وَعَلَى ٱلْمُؤْمِنِينَ وَأَلْزَمَهُمْ كَلِمَةَ ٱلتَّقْوَىٰ وَكَانُوٓا۟ أَحَقَّ بِهَا وَأَهْلَهَا ۚ
وَكَانَ ٱللَّهُ بِكُلِّ شَىْءٍ عَلِيمًا ﴿٢٦﴾

*26*

*സത്യനിഷേധികൾ ജാഹിലിയ്യഃ ദുരഭിമാനം ഹൃദയങ്ങളിൽ വിജൃംഭിപ്പിച്ചപ്പോൾ അല്ലാഹു അവങ്കൽനിന്നുള്ള സംയമനം ദൈവദൂതനിലും സത്യവിശ്വാസികളിലും ചൊരിയുകയായിരുന്നു. ദൈവഭക്തിയുടെ വചനം അവരിൽ ഊട്ടിയുറപ്പിക്കുകയും ചെയ്തു. അതിന് ഏറ്റം അവകാശമുള്ളവരും അർഹതയുള്ളവരുമാണല്ലോ അവർ. അല്ലാഹു എല്ലാ കാര്യവും നന്നായി അറിയുന്നു.*

| | |
|---|---|
| സത്യനിഷേധികൾ ആക്കിയ (വിജൃംഭിപ്പിച്ച)പ്പോൾ | إِذْ جَعَلَ الَّذِينَ كَفَرُوا |
| അവരുടെ ഹൃദയങ്ങളിൽ | فِي قُلُوبِهِمُ |
| (ദുര) അഭിമാനം | الْحَمِيَّةَ |
| ജാഹിലിയ്യഃ ദുരഭിമാനം | حَمِيَّةَ الْجَاهِلِيَّةِ |
| അപ്പോൾ അല്ലാഹു അവന്റെ(വങ്കൽ നിന്നുള്ള) സമാധാനം ഇറക്കി (സംയമനം ചൊരിയുകയായിരുന്നു) | فَأَنزَلَ اللَّهُ سَكِينَتَهُ |
| അവന്റെ ദൂതനിലും സത്യവിശ്വാസികളിലും | عَلَىٰ رَسُولِهِ وَعَلَى الْمُؤْمِنِينَ |
| അവരിൽ പതിച്ചു (ഊട്ടിയുറപ്പിക്കുകയും ചെയ്തു) | وَأَلْزَمَهُمْ |
| ദൈവഭക്തിയുടെ വചനം | كَلِمَةَ التَّقْوَىٰ |

| | |
|---|---|
| وَكَانُوا أَحَقَّ بِهَا وَأَهْلَهَا | അതിന് ഏറ്റം അവകാശമുള്ളവരും അർഹതയുള്ളവരും ആണല്ലോ അവർ |
| وَكَانَ اللَّهُ بِكُلِّ شَيْءٍ عَلِيمًا | അല്ലാഹു എല്ലാ വസ്തു(കാര്യ)വും നന്നായി അറിയു(ന്നു)ന്നവനാകുന്നു |

**തു**ടക്ക പദമായ إِذْ -ന് അപ്പോൾ എന്നും ആ സന്ദർഭം ഓർക്കുക എന്നും അർഥമാകാം. രണ്ടിന്റെയും സാരം ഒന്നുതന്നെ. മുൻ സൂക്തത്തിലെ لَعَذَّبْنَا എന്ന വാക്യവുമായി കൂടുതൽ യോജിക്കുക ആദ്യത്തെ അർഥമാണ്. ശേഷമുള്ള فَأَنزَلَ എന്ന വാക്യവുമായി കൂടുതൽ യോജിക്കുന്നത് രണ്ടാമത്തേതാണ്. പൂർവികരിലും പൂർവിക വിശ്വാസാചാരങ്ങളിലുമുള്ള അന്ധമായ അഭിമാനവും ഭക്തിയുമാണ് حَمِيَّة. ഈ അഭിമാനത്തിന് യുക്തിപരമോ നൈതികമോ നൈയാമികമോ ആയ അടിത്തറകളൊന്നും ഉണ്ടായിരിക്കുകയില്ല. പൂർവികരിൽനിന്ന് കൈമാറിക്കിട്ടിയത് എന്നതു തന്നെ അതിന്റെ അനിഷേധ്യമായ അടിത്തറയും ആധികാരികതയുമാകുന്നു. അന്ധമായ ദേശാഭിമാനവും ഉന്മാദ ദേശീയതയും حَمِيَّة ന്റെ രൂപങ്ങളാണ്. ഗോത്രാഭിമാനം, ജാത്യാഭിമാനം, ഭാഷാ തീവ്രവാദം എന്നിങ്ങനെ വേറെയും അനേകം ഭാവങ്ങൾ حَمِيَّة ന് ഉണ്ട്. ഒന്നിനും യുക്തിസഹവും നൈതികവുമായ അടിത്തറ ആവശ്യമില്ല. ആരെങ്കിലും അതു വേണമെന്നു പറഞ്ഞാൽ അയാൾ ഗോത്രവിരോധിയും ദേശദ്രോഹിയുമായി മുദ്രയടിക്കപ്പെടും. അന്ധകാര(ജാഹിലിയ്യ) യുഗത്തിലെ പൂർവികരുമായും ആചാരവിശ്വാസങ്ങളുമായും ബന്ധപ്പെട്ട അഭിമാനമാണ് حَمِيَّةَ الْجَاهِلِيَّةِ - ജാഹിലിയ്യ ദുരഭിമാനം. ലോകത്തിലെ ഏറ്റം ദുഷ്ടവും മ്ലേഛവുമായ ജാതി വ്യവസ്ഥയിൽ ഊറ്റം കൊള്ളുകയും അതംഗീകരിക്കാത്തവരുടെ പൗരത്വം പോലും നിഷേധിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് ഇന്ത്യയിൽ ജാഹിലി ദുരഭിമാനത്തിന്റെ മികച്ച ഉദാഹരണമാണ്. ഈ സൂക്തത്തിൽ അല്ലാഹു ഇറക്കിക്കൊടുത്തു എന്നു പറയുന്ന ശാന്തി سَكِينَة സംയമനവും സമാധാന വാഞ്ഛയുമാണ്. لَزِم (അനിവാര്യമായി, പറ്റിച്ചേർന്നു)യുടെ സകർമക രൂപമാണ് أَلْزَمَ. ഒന്നിനെ മറ്റൊന്നിന്റെ അനിവാര്യതയാക്കലും വേർപ്പെടാത്തവണ്ണം കൂട്ടിച്ചേർക്കലുമാണ് إلزَام. ഭാഷയിൽ തഖ്‌വയുടെ വചനമാണ് كَلِمَةَ التَّقْوَىٰ. ഇതുകൊണ്ടുദ്ദേശ്യം ലാഇലാഹ ഇല്ലല്ലാഹ് എന്ന കലിമത്തുത്തൗഹീദ്- ഏകദൈവത്വാദർശം ആണെന്ന് നല്ലൊരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. എന്നാൽ, അവർ അതിനു പിൻബലമായി ഉദ്ധരിക്കുന്ന നിവേദനങ്ങൾ പ്രബലങ്ങളല്ല. സൂറ *അസ്സുഖ്റുഫ്* 26,27 സൂക്തങ്ങളിൽ "എന്നെ സൃഷ്ടിക്കുകയും വഴികാണിക്കുകയും ചെയ്തവനെയല്ലാതെ, നിങ്ങൾ ആരാധിക്കുന്ന മൂർത്തികളിൽനിന്ന് ഞാൻ മുക്തനാകുന്നു" എന്ന് ഇബ്റാഹീം (അ) പ്രസ്താവിക്കുന്നുണ്ടല്ലോ. അതെക്കുറിച്ച തൊട്ടടുത്ത സൂക്തത്തിൽ അല്ലാഹു പറയുന്നു: وَجَعَلَهَا كَلِمَةً بَاقِيَةً فِي عَقِبِهِ (അത് തനിക്കുശേഷം നിലനിൽക്കുന്ന വചനം -ആദർശം- ആക്കി -43:28). അല്ലാഹുവിനോടുള്ള ഭയഭക്തിയുടെയും വിധേയത്വത്തിന്റെയും താൽപര്യങ്ങൾ അവരുടെ അനിവാര്യ സ്വഭാവമാക്കി എന്നാവാം كَلِمَةَ التَّقْوَىٰ وَأَلْزَمَهُمْ -യുടെ ആശയം. കരാർ പാലനമാണ് كَلِمَةَ التَّقْوَىٰ കൊണ്ട് വിവക്ഷ എന്നാണ് ഇമാം മുഹമ്മദുൽ ഹസന്റെ വ്യാഖ്യാനം. അതായത്, മുശ്‌രിക്കുകളുമായി ഉണ്ടാക്കിയ കരാർ പാലിക്കാൻ അവരോട് കൽപിച്ചു. അതുകൊണ്ട് മുശ്‌രിക്കുകൾ കരാർ ലംഘിച്ചിട്ടും മുസ്‌ലിംകൾ അതു ലംഘിക്കാൻ ധൃഷ്ടരായില്ല. കലിമത്തുത്തഖ്‌വാ മുറുകെപ്പിടിക്കാൻ -بالتزام كلمة التقوى- ഏറ്റം കടപ്പെട്ടവരും അർഹതയുള്ളവരുമാകുന്നു വിശ്വാസികൾ.

أهلية ഉം أحقية ഉം ഏറക്കുറെ ഒന്നാണ്. എങ്കിലും أحقية-ൽ അവകാശത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും ആശയം മികച്ചുനിൽക്കുന്നു. ബന്ധുത്വത്തിന്റെയും അർഹതയുടെയും ആശയമാണ് أهلية ൽ കൂടുതലുള്ളത്.

വചനസാരം: ബഹുദൈവവിശ്വാസത്തിലും പിതൃഭക്തിയിലുമുള്ള ജാഹിലി ദുരഭിമാനം വിജൃംഭിച്ച് മുശ്‌രിക്കുകൾ വിശ്വാസികളുടെ മക്കാ പ്രവേശനം ബലാൽക്കാരം തടഞ്ഞപ്പോൾ, അവർക്കെതിരെ വിശ്വാസികളെ രോഷാകുലരും അക്രമാസക്തരുമാക്കാതെ പ്രവാചകന്റെയും വിശ്വാസികളുടെയും മനസ്സുകളിൽ അല്ലാഹു സമാധാന വാഞ്ഛയും സംയമനവും ചൊരിഞ്ഞുകൊടുക്കുകയായിരുന്നു. തൗഹീദിന്റെയും തഖ്‌വയുടെയും വാചാ കർമണായുള്ള താൽപര്യങ്ങൾ അവരിൽ ഊട്ടിയുറപ്പിക്കുകയും ചെയ്തു. വിശ്വാസികളെന്ന നിലയിൽ ആ നിലപാട് മുറുകെപ്പിടിക്കാൻ ഏറ്റം ഉത്തരവാദപ്പെട്ടവരും അർഹതപ്പെട്ടവരും തന്നെയാകുന്നു സത്യവിശ്വാസികൾ. അല്ലാഹു അവരുടെ വികാര വിചാരങ്ങളും വാക്കും പ്രവൃത്തിയുമെല്ലാം നല്ലവണ്ണം അറിയുന്നുണ്ട്. ●

**ലോകത്തിലെ ഏറ്റം ദുഷ്ടവും മ്ലേഛവുമായ ജാതി വ്യവസ്ഥയിൽ ഊറ്റം കൊള്ളുകയും അതംഗീകരിക്കാത്തവരുടെ പൗരത്വം പോലും നിഷേധിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് ഇന്ത്യയിൽ ജാഹിലി ദുരഭിമാനത്തിന്റെ മികച്ച ഉദാഹരണമാണ്.**